പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 945 — 03.12.2014 -ലെ മറുപടിക്ക്.

## തൊഴിൽ വകുപ്പിന്റെ പദ്ധതിച്ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷം നാളിതുവരെയുള്ള പദ്ധതിച്ചെലവ് സംബന്ധിച്ച വിശദമായി കണക്കുകൾ ലഭ്യമാക്കുമോ ; | (എ) അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ മൂന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളത്. ലേബർ കമ്മീഷണറേറ്റിന്റെ കീഴിൽ വരുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, വ്യവസായ പരിശീലന വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലിന്റെ 'പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.റ്റി.ഐ കളുടെ നിലവാരമുയർത്തൽ', 'മോഡ്യുലർ എംപ്ലോയബിൽ സ്കിൽ-നെ ചുവടു പിടിച്ചുള്ള സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം' എന്നിവയാണ് അവ. |
| (സി) പ്രസ്തുത പദ്ധതി ചെലവ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ? | (സി) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 20000 ലക്ഷം രൂപയിൽ (കേന്ദ്ര വിഹിതം 150 കോടിയും സംസ്ഥാന വിഹിതം 50 കോടിയും) 13660 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലിന്റെ പദ്ധതി ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-<br>(i) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.റ്റി.ഐ കളുടെ നിലവാരമുയർത്തൽ പദ്ധതിയുടെ നടത്തിപ്പിലേക്കായി 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഇതുവരേയും എസ്.ഐ.സി-യിൽ തുക ചെലവഴിച്ചിട്ടില്ല.<br>(ii) സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം പദ്ധതിയുടെ നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാർ നേരിട്ട് എസ്.ഡി.ഐ.എസ്.കെ സൊസൈറ്റിക്ക് നല്കിയ തുകയിൽ നിന്ന് 7 കോടി 36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>(iii)സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് |

| | |
|---|---|
| ശമ്പളം നവംബർ 2014 വരെ | - 2507550 രൂപ |
| സിവിൽ വർക്സ്, യന്ത്രസാമഗ്രികളുടെ സംഭരണം | - 4326672 രൂപ |
| ആകെ | - 6834222 രൂപ |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നം. | വകുപ്പ് | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ലേബർ കമ്മീഷണറേറ്റ് | 46210 | 25014.21 |
| 2 | ഫാക്ടറീസ് & ബോയിലേഴ്സ് | 600 | 158.13 |
| 3 | ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ് | 8778 | 4710.21 |
| 4 | ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് | 2153 | 747.95 |
| 5 | ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസസ് | 140 | 39.5 |
| 6 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് | 175 | 35 |

Deepa

സെക്ഷൻ ഓഫീസർ